**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **19-01-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയുടെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം,<br>ശ്രീ. എം. സ്വരാജ്,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ ഐ. ബി. സതീഷ് | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയായ ലൈഫ് ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങളെ തള്ളിക്കളഞ്ഞ് പദ്ധതി നിർവ്വഹണം കൂടുതൽ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ലൈഫ് ഭവന നിർമ്മാണ പദ്ധതി ത്വരിത ഗതിയിലാണ് നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ടത്തിൽ യാതൊരു പുരോഗതിയുമില്ലാത്ത വീടുകൾ കണ്ടെത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, രണ്ടാം ഘട്ടത്തിൽ അർഹരായിട്ടും വിവിധ കാരണങ്ങളാൽ കരാറിലേർപ്പെടാൻ സാധിക്കാത്ത ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തി കരാർ വയ്പ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, മൂന്നാം ഘട്ട ഗുണഭോക്താക്കളുടെ പുനരധിവാസ ത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ത്വരിത ഗതിയിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകി. ഇപ്രകാരം 19,327 ഗുണഭോക്താക്കൾ ഭൂമി വാങ്ങി ഭൂമിയുള്ള ഭവനരഹിതരായി മാറിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നു. |
| (ബി) | നിലവിലുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാതെ പോയിട്ടുള്ള ഭവനരഹിതരെക്കൂടി ഉൾക്കൊള്ളിച്ച് പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി അവർക്കും വീട് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടേയും ഒരു പുതിയ ഗുണഭോക്തൃ പട്ടിക സോഫ്റ്റ് വെയർ അധിഷ്ഠിതമായി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുകയും 8,32,850 അപേക്ഷകൾ (ഭൂമിയുള്ള ഭവന രഹിതർ - 5,80,650/ ഭൂരഹിത ഭവനരഹിതർ - 2,52,200) ലഭ്യമായിട്ടുണ്ട്. |
| (സി) | ലൈഫ് പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി | (സി) | ലൈഫ് പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി 2,50,547 |

| | | | |
|---|---|---|---|
| | ഭവനസമുച്ചയങ്ങളടക്കം എത്ര വീടുകളുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ? | | വീടുകളും 6 ഭവന സമുച്ചയങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധം ആയി ചേർത്തിട്ടുണ്ട്. മിഷൻ നേരിട്ടും സ്പോൺസർഷിപ്പിലൂടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേനയും പൂർത്തീകരിച്ച ഭവന സമുച്ചയങ്ങൾ : ഇടുക്കി -അടിമാലി ഗ്രാമപഞ്ചായത്ത് (217 യൂണിറ്റ്) തിരുവനന്തപുരം -വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്(24 യൂണിറ്റ്), തിരുവനന്തപുരം -മണ്ണന്തല (7 യൂണിറ്റ്), എറണാകുളം -അങ്കമാലി മുനിസിപ്പാലിറ്റി (12 യൂണിറ്റ്) എറണാകുളം -കീഴ്മാട് പഞ്ചായത്ത് (12 യൂണിറ്റ്), മലപ്പുറം -പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി (200 യൂണിറ്റ്) |

സെക്ഷൻ ഓഫീസർ

ഭവന നിർമ്മാണം

Completed Total

| LIFE MISSION PROGRESS REPORT -COMPLETED HOUSES – 01.01.2021 | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **DISTRICT** | **PHASE 1** | **PHASE 2** | **PHASE 3** | **PMAY (U)** | **PMAY (R )** | **SC DEPT.** | **ST DEPT.** | **FISHERIES DEPT** | **TOTAL** |
| Thiruvanathapuram | 6052 | 14044 | 119 | 10029 | 3002 | 3075 | 2 | 1455 | **37,778** |
| Kollam | 3618 | 7859 | 222 | 4923 | 1407 | 1629 | 3 | 770 | **20,431** |
| Pathanamthitta | 1173 | 1866 | 158 | 1251 | 722 | 863 | 544 | 10 | **6,587** |
| Alappuzha | 2728 | 8906 | 65 | 3802 | 730 | 793 | 10 | 548 | **17,582** |
| Kottayam | 1102 | 4073 | 248 | 1822 | 603 | 1047 | 13 | 78 | **8,986** |
| Idukki | 3114 | 9738 | 671 | 1674 | 759 | 1227 | 114 | 15 | **17,312** |
| Ernakulam | 1059 | 5387 | 270 | 8138 | 779 | 947 | 9 | 314 | **16,903** |
| Thrissur | 2996 | 4760 | 291 | 6325 | 1533 | 1824 | 22 | 117 | **17,868** |
| Palakkad | 7597 | 11613 | 338 | 4903 | 1930 | 2263 | 115 | 13 | **28,772** |
| Malappuram | 2737 | 5856 | 341 | 8006 | 2385 | 2553 | 29 | 481 | **22,388** |
| Kozhikodu | 6474 | 4653 | 172 | 4751 | 1121 | 1293 | 12 | 311 | **18,787** |
| Wayanad | 8442 | 3396 | 140 | 2327 | 914 | 1073 | 918 | 0 | **17,210** |
| Kannur | 2644 | 2338 | 87 | 3939 | 693 | 777 | 279 | 197 | **10,954** |
| Kasarkodu | 2871 | 3208 | 52 | 1559 | 571 | 623 | 25 | 80 | **8,989** |
| **Total** | **52,607** | **87,697** | **3,174** | **63,449** | **17,149** | **19,987** | **2,095** | **4,389** | **2,50,547** |

## വിശദീകരണക്കുറിപ്പ്

ജീവിതനിലവാര സൂചികകളിലും സാക്ഷരതയിലും ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങളുടെ വിതരണത്തിലും ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും ബഹുദൂരം മുന്നേറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വികസനനേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക, എല്ലാ വിഭാഗം ജനങ്ങൾക്കും വികസന ഗുണഫലങ്ങൾ ലഭ്യമാകുന്ന സാമൂഹ്യനീതി പുലർത്തുക എന്നിങ്ങനെ കേരളം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾക്കു പരിഹാരമായാണ് സർക്കാർ നവകേരളം കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടേയും അടിസ്ഥാന ആവശ്യമാണ്. കേരളത്തിലെ പാർപ്പിടരംഗം നേരിടുന്ന ബഹുവിധമായ പ്രശ്നങ്ങൾക്ക് തനതായ പരിഹാര സമീപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായാണ് ലൈഫ് മിഷൻ നിലവിൽ വന്നത്.

അടിസ്ഥാന സൗകര്യങ്ങൾ അപ്രാപ്യമായ വെറും കയറിക്കിടക്കാനുള്ള ഇടമെന്ന ഒറ്റപ്പെട്ട തുരുത്തുകളായി വീട് മാറാതെ സമൂഹത്തിൽ സുരക്ഷിതമായും സ്വാഭിമാനത്തോടെയും നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള സാഹചര്യമൊരുക്കുന്നതോടൊപ്പം രോഗികളും വാർദ്ധക്യ ക്ലേശമനുഭവിക്കുന്നവരുമായ കുടുംബാംഗങ്ങളെ സംരക്ഷിക്കാനും വരുംതലമുറയെ സാമൂഹിക ബോധമുള്ള നല്ല പൗരജനങ്ങളായി വളർത്തിയെടുക്കാനുമുതകുന്ന ഇടങ്ങളായിരിക്കണം ഭവനമെന്ന സമീപനത്തിൽ അധിഷ്ഠിതമാണ് ലൈഫ് മിഷന്റെ പ്രവർത്തനം. സേവനങ്ങൾ ഗുണമേന്മ ചോരാതെയും ന്യായമായ ചെലവിലും എല്ലാവർക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനായി നിർവ്വഹണത്തിലും മേൽനോട്ടത്തിലും ജനപങ്കാളിത്തവും ജനപക്ഷസമീപനവും ഉറപ്പാക്കിയാണ് മിഷൻ പ്രവർത്തിക്കുന്നത്.

സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. നാളിതുവരെ 2,50,547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയായ ലൈഫ് ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങളെ തള്ളിക്കളഞ്ഞും കോവിഡ് 19 മഹാമാരിക്കിടയിലും പദ്ധതി ത്വരിതഗതിയിലാണ് നടപ്പിലാക്കിവരുന്നത്.

24.09.2020-ൽ Crl.MC 4375/2020 നമ്പരായി കേരള ഹൈക്കോടതിയിൽ സി.ബി.ഐ. ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത കേസിൽ അറിയപ്പെടാത്ത ലൈഫ് മിഷൻ ഉദ്യോഗസ്ഥരെയും സി.ബി.ഐ എതിർ കക്ഷിയാക്കിയിരുന്നു. FCRA Act അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. ലൈഫ് മിഷന് യാതൊരു ബന്ധമില്ലാത്ത കേസിൽ ലൈഫ് മിഷനിലെ അറിയപ്പെടാത്ത ഉദ്യോഗസ്ഥരെ പ്രതിയാക്കിയ സാഹചര്യത്തിലാണ് ഹൈക്കോടതിയെ സമീപിച്ചത്.

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 ൽ ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടേയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്, എന്നാൽ അർഹരായ ചില കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെടാതെ വിട്ട്പോയതായും, പിന്നീട് അർഹത നേടിയ ഗുണഭോക്താക്കളെയും കൂടിച്ചേർക്കണമെന്നും നിരവധി ആവശ്യങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടേയും ഒരു പുതിയ ഗുണഭോക്തൃ പട്ടിക സോഫ്റ്റ് വെയർ അധിഷ്ഠിതമായി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് 27.07.2020–ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുകയും 8,32,850 അപേക്ഷകൾ (ഭൂമിയുള്ള ഭവന രഹിതർ – 5,80,650/ ഭൂരഹിത ഭവനരഹിതർ – 2,52,200) ലഭ്യമായിട്ടുണ്ട്.

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഇത്തരത്തിൽ ലൈഫ് മിഷൻ (1,43,478), പി.എം.എ.വൈ – ലൈഫ് – അർബൻ (63,449) പി.എം.എ.വൈ – ലൈഫ് – റൂറൽ (17,149), പട്ടികജാതി (19,987), പട്ടികവർഗ്ഗ (2,095), മത്സ്യതൊഴിലാളി (4,389) വകുപ്പുകൾ മുഖേന നാളിതുവരെ 8,823.20 കോടി രൂപ ചെലവഴിച്ച് 2,50,547 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

എ) <u>ഒന്നാംഘട്ടം : പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം</u>

2016 മാർച്ച് 31–ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കണ്ടെത്തിയ 54,118 വീടുകളിൽ 681.7 കോടി രൂപ ചെലവഴിച്ച് 52,607 വീടുകൾ (97 %) ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 665 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (2 കോർപ്പറേഷനുകൾ 41 മുനിസിപ്പാലിറ്റികൾ 622 ഗ്രാമ പഞ്ചായത്തുകൾ) 100% വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

ബി) <u>രണ്ടാംഘട്ടം : ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം</u>

ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണമാണ് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട 98,326 ഗുണഭോക്താക്കളിൽ 87,697 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും (89 %) ബാക്കിയുള്ളവർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിനായി നാളിതുവരെ 3344.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 106 ഗാമപഞ്ചായത്തുകൾ 100% വീടുകളും പൂർത്തീകരിച്ച് പുരോഗതി കൈവരിച്ചവരാണ്.

സി) <u>മൂന്നാംഘട്ടം : ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം</u>

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാന ഘട്ടത്തിലേക്ക് കടക്കുമ്പോൾ ലൈഫ് മിഷൻ പദ്ധതി മൂന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. അർഹരായ 1,35,769 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളിൽ സ്വന്തമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ച് 19,534 ഗുണഭോക്താക്കൾ ഭൂമിയുള്ള ഭവനരഹിതരായി. ബാക്കിയുള്ള ഗുണഭോക്താക്കളും ഇത്തരത്തിൽ ഭൂമി ആർജ്ജിച്ചു വരുന്നു. 19,534 ഗുണഭോക്താക്കളിൽ 11,403 പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 2,765 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.

ഡി. <u>ഭവന സമുച്ചയ നിർമ്മാണം</u>

ഭൂരഹിത ഭവനരഹിതർക്ക് സംസ്ഥാനത്ത് 101 ഭവനസമുച്ചയങ്ങളാണ് പദ്ധതിയിലൂടെ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 5 പൈലറ്റ് ഭവനസമുച്ചയങ്ങളുടെ നിർമ്മാണം 2021 മാർച്ച് മാസത്തോടെയും 31 സമുച്ചയങ്ങളുടെ നിർമ്മാണം മെയ് മാസത്തോടെയും പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ 217 അപ്പാർട്ടുമെൻറുകളടങ്ങിയ ഒരു ഭവനസമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇതിനുപുറമെ 5 ഭവന സമുച്ചയങ്ങൾ (24 യൂണിറ്റ് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, 7 യൂണിറ്റ് മണ്ണന്തല – തിരുവനന്തപുരം (എൻ.ജി.ഒ യൂണിയൻ) 12 യൂണിറ്റ് – അങ്കമാലി മുനിസിപ്പാലിറ്റി, 12 യൂണിറ്റ് – കീഴ്മാട് പഞ്ചായത്ത്, 200 യൂണിറ്റ് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ സംഘടനകളും നേരിട്ട് നിർമ്മിച്ച ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഭവന സമുച്ചയ നിർമ്മാണത്തിലേയ്ക്കാവശ്യമായ വിവിധ വകുപ്പുകളുടെ കൈവശമുള്ള സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ചീഫ് സെക്രട്ടറി തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.